## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2917 — 15.12.2015 ൽ മറുപടിയ്ക്ക്

### അനധികൃത സ്കൂളുകൾക്കുള്ള അനുമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. എ.എം. ആരിഫ് | ശ്രീ.പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന നടപടി തുടരുന്നുണ്ടോ; അടുത്ത കാലത്തായി പ്രസ്തുത വിഭാഗത്തിൽപ്പെട്ട ഏതാനും സ്കൂളുകൾക്ക് കൂടി അംഗീകാരം നൽകുകയുണ്ടായോ; വിശദമാക്കാമോ; | (എ) സംസ്ഥാനത്ത് അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന നടപടി തുടരുന്നുണ്ട്. സ.ഉ. (കൈ.) നം. 114/15/പൊ.വി. തീയതി 14.05.2015 പ്രകാരം 308 സ്കൂളുകൾക്കും, സ.ഉ. (കൈ.) നം. 282/2015/പൊ.വി. തീയതി 09.11.2015 പ്രകാരം 87 സ്കൂളുകൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത നടപടി പൊതു വിദ്യാലയങ്ങളെ തകർച്ചയിലേക്ക് നയിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) വളരെ വർഷങ്ങളായി അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾക്കാണ് അംഗീകാരം നൽകുന്നത്, ആയതിനാൽ അത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്നത് പൊതു വിദ്യാലയങ്ങളെ ബാധിച്ചിട്ടില്ല. |
| (സി) സ്വകാര്യ അൺ-എയ്ഡഡ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന നയം തിരുത്തുന്നതിന് തയ്യാറാകുമോ? | (സി) സ്വകാര്യ അൺ എയ്ഡഡ് വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്ന നയം സർക്കാർ സ്വീകരിച്ചിട്ടില്ല. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കുട്ടികളുടെ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കപ്പെടുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ